**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **18-01-2021 - ല്‍ മറുപടിയ്ക്ക്**

**കരുവന്തല-ചക്കംകണ്ടം റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കരുവന്തല-ചക്കംകണ്ടം റോഡില്‍ പൊന്നാംകുളം വരെയുള്ള റോഡ് നവീകരണത്തിന് അനുവദിച്ച തുക എത്രയാണെന്നറിയിക്കുമോ; | (എ) | കരുവന്തല-ചക്കംകണ്ടം റോഡില്‍ പൊന്നാംകുളം വരെയുള്ള റോഡ് നവീകരണത്തിന് 3,50,00,000/- (3.5 കോടി) അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടര്‍ നടപടികള്‍ പൂര്‍ത്തീകരിച്ച തീയതിയും കരാര്‍ തീയതിയും എന്നാണെന്ന് അറിയിക്കാമോ; | (ബി) | ടെണ്ടര്‍ തീയതി 29/01/2019, കരാര്‍ തീയതി 06/06/2019 |
| (സി) | പ്രസ്തുത റോഡിന്റെ നിര്‍മ്മാണ പ്രവൃത്തികള്‍ ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (സി) | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാന നിര്‍മ്മാണം പുരോഗമിക്കുന്നു. റോഡ് ഉയര്‍ത്തുന്നതിനുള്ള മെറ്റീരിയല്‍ സമീപത്ത് സ്റ്റോക്ക് ചെയ്തിട്ടുമുണ്ട്. |
| (ഡി) | നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിക്കാനാവാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; | (ഡി) | കോവിഡ്-19 മൂലമുണ്ടായ തൊഴിലാളികളുടേയും, മെറ്റീരിയല്‍സിന്റേയും ലഭ്യതക്കുറവും കരാറുകാരന്റെ വ്യക്തി പരമായ കാരണങ്ങളാലും പലതവണ നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടും പ്രവൃത്തി ഡിസംബര്‍ മാസത്തിലാണ് ആരംഭിച്ചത്. |
| (ഇ) | വളരെയേറെ യാത്രാക്ലേശം ഉള്ള ഈ റോഡിന്റെ നിര്‍മ്മാണം അടിയന്തരമായി തുടങ്ങാന്‍ വേണ്ട നടപടി എടുക്കുമോ; വിശദാംശങ്ങള്‍ നല്‍കാമോ? | (ഇ) | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അടിയന്തിരമായി പൂര്‍ത്തിയാക്കാനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍